**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2586** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. നിരക്കുകളിൽ മാറ്റം വരുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ ജി. എസ്. ടി. യിൽ കൊണ്ടുവന്നിരിക്കുന്ന രണ്ട് സ്ലാബ് സമ്പ്രദായത്തിലൂടെ ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന ഗുണദോഷങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) | 56-ാമത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്ക്കരിക്കുകയും അതിൻ പ്രകാരം നിലവിലെ 12%, 28% നിരക്കുകൾ ബാധകമാകുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചു കൊണ്ടുവരികയും 28% ബാധകമായ, ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, ലോട്ടറി, എയ്റേറ്റഡ് ഡ്രിങ്ക്സ് തുടങ്ങിയവയെ സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ നിരക്കുകൾ 2025 സെപ്റ്റംബർ 22-ന് നിലവിൽ വന്നു.<br><br>നിരക്കിലെ വ്യത്യാസങ്ങൾ കാരണം ചില മേഖലകളിൽ ഉണ്ടാവാൻ സാധ്യതയുള്ള നികുതി നിരക്കിലെ 'ഇൻവേർഷൻ' മൂലമുള്ള ബാധ്യത, നികുതി ഘടനയിലെ മാറ്റങ്ങൾ വിപണിയിലെ 'ഡിമാൻഡിൽ' വരുത്തുന്ന മാറ്റം തുടങ്ങി വിവിധ ഘടകങ്ങൾ ആശ്രയിച്ചാണ് നികുതിമാറ്റത്തിന്റെ ഗുണദോഷങ്ങൾ കണക്കാക്കുവാൻ സാധിക്കുക. എന്നാൽ ഇത്തരം ഘടകങ്ങളെല്ലാം പരിഗണിച്ച് അത്തരം ഒരു വിശകലനം പ്രായോഗികമായി ദുഷ്കരമാണ്. |

സെക്ഷൻ ഓഫീസർ